# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1410 — 15.6.2012-ൽ മറുപടിയ്ക്ക്

**'വീട്ടിൽ ഒരു മാവ്' പദ്ധതി**

*ചോദ്യം*

ശ്രീ. ജി. എസ്. ജയലാൽ

(എ) കൃഷി വകുപ്പ് സംസ്ഥാനത്തെ എല്ലാ നിയോജമണ്ഡലങ്ങളിലും 'വീട്ടിൽ ഒരു മാവ്' പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ഏത് ഗ്രാമപഞ്ചായത്തിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എന്തൊക്കെ ആനുകൂല്യങ്ങളാണ് കൃഷിക്കാർക്ക് നൽകുവാൻ ലക്ഷ്യമിടുന്നതെന്നും, എത്ര ഗുണഭോക്താക്കൾ ഉണ്ടാകുമെന്നും വ്യക്തമാക്കുമോ ;

(സി) കൃഷി വകുപ്പ് നേരിട്ടാണോ അതോ മറ്റേതെങ്കിലും ഏജൻസി മുഖേനയാണോ പദ്ധതി നടപ്പിലാക്കുന്നത്; എന്നത്തേയ്ക്ക് പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുവാനാണ് ലക്ഷ്യമിട്ടി ട്ടുള്ളത്;

(ഡി) പദ്ധതിപ്രകാരം കൃഷിക്കാർക്ക് നൽകുന്ന നടീൽവസ്തുക്കളുടെയും ഉല്പാദനോപാധികളുടെയും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിലേക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

*മറുപടി*

**ശ്രീ . കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) (ബി) (സി) & (ഡി) 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും 'വീട്ടിൽ ഒരു മാവ് ' പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഈ പദ്ധതിയെ കേരളസർക്കാരിന്റെ നിറവ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 9 ജില്ലകളിലെ 11 നിയോജക മണ്ഡലങ്ങളിൽ ആണ് നടപ്പിലാക്കിയത്. ചാത്തന്നൂർ നിയോജകമണ്ഡലം നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ 2012-13 സാമ്പത്തിക വർഷത്തിൽ മാവിന്റെ വിളവിസ്തൃതി വ്യാപിപ്പിക്കുന്നതിന് ദേശീയ ഹോർട്ടിക്കൾച്ചർ മിഷനിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ വീട്ടിൽ ഒരു മാവ് പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള വിശദാംശങ്ങളിൽ തീരുമാനമായിട്ടില്ല.

Snehams
**സെക്ഷൻ ഓഫീസർ**